## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ.റ്റി.വി IAS)**

**ഉത്തരവ് നം.WCD/E9/4301/2021** **തിരുവനന്തപുരം,തീയതി: 15.02.2021**

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം - ജില്ലാ വനിത ശിശു വികസന ഓഫീസർ തസ്തികയിലെ ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- സഉ(സാധാ)നം.143/2021/സാനീവ തീയതി- 13.02.2021.

വനിത ശിശു വികസന വകുപ്പിൽ ജില്ലാ വനിത ശിശു വികസന ഓഫീസർ തസ്തികയിൽ കോഴിക്കോട് ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.അനീറ്റ.എസ്സ്.ലിൻ ഇടുക്കി ജില്ലയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സോഫി ജേക്കബ് എന്നീ ജീവനക്കാർക്ക് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച് കൊണ്ട് മേൽ പരാമർശ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കോഴിക്കോട്, ഇടുക്കി എന്നീ ജില്ലകളിലെ ജില്ലാ വനിത ശിശു വികസന ഓഫീസർ തസ്തികയിലെ ചുമതല ചുവടെ കാണും പ്രകാരം ക്രമീകരിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര്, തസ്തിക, ജില്ല | ഉദ്യോഗക്കയറ്റം അനുവദിച്ച തസ്തിക, കാര്യാലയം | പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട ജീവനക്കാരന്റെ പേര്, തസ്തിക, കാര്യാലയം |
|---|---|---|---|
| 1. | ശ്രീമതി. അനീറ്റ.എസ്സ്.ലിൻ ജില്ലാ വനിത ശിശു വികസന ഓഫീസർ, കോഴിക്കോട് | അസിസ്റ്റന്റ് ഡയറക്ടർ, വനിത ശിശു വികസന ഡയറക്ടറേറ്റ് | ശ്രീമതി.ലിൻസി.എ.കെ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, കോഴിക്കോട് |
| 2. | ശ്രീമതി.സോഫി ജേക്കബ് ജില്ലാ വനിത ശിശു വികസന ഓഫീസർ, ഇടുക്കി | അസിസ്റ്റന്റ് ഡയറക്ടർ, വനിത ശിശു വികസന ഡയറക്ടറേറ്റ് | ശ്രീമതി.റേച്ചൽ ഡേവിഡ് പ്രോഗ്രാം ഓഫീസർ, ഇടുക്കി |

പരാമർശ പ്രകാരം ഉദ്യോഗക്കയറ്റം അനുവദിക്കപ്പെട്ട ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ ചുമതല കൈമാറേണ്ടതും ബന്ധപ്പെട്ട ജീവനക്കാർ ചുമതല

ഏറ്റെടുക്കേണ്ടതുമാണ്. ചുമതല ഏറ്റെടുത്ത വിവരം RTC യുടെ പകർപ്പ് സഹിതം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്</u>

1. അക്കൗണ്ടൻറ് ജനറൽ(എ &ഇ)കേരള തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യ നീതി വകുപ്പ്- ജീവനക്കാര്യം- വനിതാ ശിശു വികസന വകുപ്പിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (എ) വകുപ്പ്

G.O.(Rt) No.143/2021/SJD    തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- 1 ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OA(Ekm) 62/2019 ലെ MA(Ekm) 1150/2020 ൽ 26.08.2020 ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ്

2 സ.ഉ(സാധാ) നം 465/2020/സാനീവ തീയതി 04.09.2020

3 സ.ഉ(അച്ചടി) നം 06(1)/2021/സാനീവ തീയതി 03.02.2021

4 വനിതാ ശിശു വികസന ഡയറക്ടറുടെ 05.02.2021 ലെ ഡബ്ല്യുസിഡി/ഇ9/4301/2021 നം കത്ത്

**<u>ഉത്തരവ്</u>**

വനിതാ ശിശു വികസന വകുപ്പ് രൂപീകരണത്തെ തുടർന്ന് വനിത ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീമതി.ബിന്ദു ഗോപിനാഥ്, ശ്രീമതി.ശിവന്യ.എസ്സ്. എൻ. ശ്രീ.മുകന്ദൻ.യു എന്നിവരെ പുനർവിന്യസിച്ചിരുന്നു. പരാമർശം (2) ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർമാരായ ശ്രീമതി.ബിന്ദു ഗോപിനാഥ്, ശ്രീമതി. ശിവന്യ എസ്സ്. എൻ എന്നി ജീവനക്കാർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചതിലൂടെ അസിസ്റ്റൻറ് ഡയറക്ടർ തസ്തികയിൽ 2 ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ജില്ലാ വനിത ശിശു വികസന ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നേടുന്നതിന് പരാമർശം (3) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സെലക്റ്റ് ലിസ്റ്റിൽ ക്രമ നം.1, 2 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.അനിറ്റ.എസ്സ്.ലിൻ, ശ്രീമതി.സോഫി ജേക്കബ് എന്ന് ഉദ്യോഗസ്ഥർക്ക് വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിലവിൽ ഒഴിവുള്ള രണ്ട് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കണമെന്ന് പരാമർശം (4) പ്രകാരം വനിതാ ശിശു വികസന ഡയറക്ടർ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. വകുപ്പ് പുനർ വിന്യാസത്തെ തുടർന്ന് വനിതാ ശിശു വികസന വകുപ്പിൽ നിയമിതരായ രണ്ട് ജീവനക്കാർക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചതിലൂടെ അസിസ്റ്റൻറ് ഡയറക്ടർ തസ്തികയിൽ രണ്ട് ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. പരാമർശം (3) ലെ സെലക്റ്റ് ലിസ്റ്റിൻറെയും പരാമർശം (4) ലെ വനിതാ ശിശു വികസന ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം , നിലവിലുള്ള ചട്ടങ്ങൾ എന്നിവ സംബന്ധിച്ച് നിലവിലുള്ള എല്ലാ കേസുകളുടേയും അന്തിമ വിധിക്ക് വിധേയമായി വനിതാ ശിശു വികസന വകുപ്പിൽ നിലവിൽ ഒഴിവുള്ള രണ്ട് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 42500

-87000 രൂപ ശമ്പള സ്കെയിലിൽ ചുവടെ ചേർക്കുന്ന രീതിയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേര്, തസ്തിക, കാര്യാലയം | ഉദ്യോഗക്കയറ്റം അനുവദിക്കുന്ന തസ്തിക,കാര്യാലയം |
|---|---|---|
| 1. | ശ്രീമതി.അനീറ്റ.എസ്.ലിൻ<br>ജില്ലാ വനിതാ ശിശു വികസന ഓഫീസർ<br>കോഴിക്കോട് | അസിസ്റ്റന്റ് ഡയറക്ടർ<br>വനിതാ ശിശു വികസന ഡയറക്ടറേറ്റ് |
| 2 | ശ്രീമതി.സോഫി ജേക്കബ്<br>ജില്ലാ വനിതാ ശിശു വികസന ഓഫീസർ<br>തൃശ്ശൂർ | അസിസ്റ്റന്റ് ഡയറക്ടർ<br>വനിതാ ശിശു വികസന ഡയറക്ടറേറ്റ് |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ബിജുപ്രഭാകർ**

**സെക്രട്ടറി.**

വനിത ശിശു വികസന ഡയറക്ടർ ,തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ